# ജാമക്കാരൻ
# JAMAKKARAN

VOLUME - 8 Reg NO.TNBIL/2016/70171 ISSUE - 8
AUGUST - 2024 TAMIL & MALAYALAM
ANNUAL SUBSCRIPTION - Rs.60/= FOREIGN - Rs.600/=

(ജാമക്കാരനിൽ) സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21)
പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).
ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1കൊരി:2:15)
(ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല - ത്തോലിക്ക വേദപുസ്തകം).

0427 - 2387499. E-mail : jamakaran@yahoo.com. Fax: 0427- 2386464. www.jamakaran.com
Mob.: No. 9894261333



കർത്താവിൽ പ്രിയരെ,

നിങ്ങളുടെ സ്നേഹത്തിനും സാമ്പത്തികമായും പ്രാർത്ഥനയിലൂടെയും സഹായിക്കുന്നതിനും ദൈവത്തിനു നന്ദി പറയുന്നു. നിങ്ങളെ അതിനുവേി പ്രേരിപ്പിച്ച പരിശുദ്ധാത്മാവിനും സ്തോത്രം.

നമ്മുടെ ദൈവം അത്ഭുതങ്ങളെ ചെയ്യുന്ന ദൈവമാണ്. ഇപ്പോൾ നമ്മുടെ ധ്യാനത്തിനായി ഞാൻ തിരഞ്ഞെടുത്ത വിഷയം 2 രാജാക്കന്മാരുടെ പുസ്തകം 6–ാം അദ്ധ്യായത്തിൽ നമുക്കു കാണാം.

പഴയനിയമകാലത്തിൽ പ്രവാചകന്മാരുടെ കുടുംബം ഉായിരുന്നു. ആ കുടുംബത്തിൽ ജനിച്ചവരെല്ലാം പാരമ്പര്യമായി പ്രവചനം പറയുമായിരുന്നു. അവർ എല്ലാവരും വലിയ പ്രവാചകന്മാരുടെ ശിക്ഷണം എടുക്കണമായിരുന്നു. ദൈവം കാണിക്കുന്ന പ്രവചനം ഏത്? പിശാച്

ജാമക്കാരൻ JAMAKKARAN

## AUGUST - 2024

കാണിക്കുന്ന പ്രവചനം ഏത്? മനുഷ്യന്റെ സങ്കല്പത്തിൽ വരുന്ന പ്രവചനം ഏത്? എന്ന് സ്വയം തിരിച്ചറിയണം. അങ്ങനെ ഒരു പ്രവചനം ലഭിച്ചാൽ ആ പ്രവചനത്തെ എപ്പോൾ മറ്റുള്ളവരോട് അറിയിക്കണം. ഇങ്ങനെയുള്ള വിഷയങ്ങളെല്ലാം വലിയ പ്രവാചകൻ പറഞ്ഞുകൊടുക്കും. **എലീശാ** എന്ന പ്രവാചകന് വലിയ പ്രവാചകനായ **ഏലിയാവ്** ശിക്ഷണം കൊടുത്തു. ദൈവം ഒരു വിഷയത്തെ പ്രവാചകന് കാണിച്ചതുകൊ് ആ തിരഞ്ഞെടുക്കപ്പെട്ട വ്യക്തിയെ ക ഉടനെ പറയുവാൻ പാടില്ല, ആ വ്യക്തിയുടെ ഭവനത്തിൽ കയറിയ ഉടനും പറയാൻ പാടില്ല. അവിടുത്തെ സാഹചര്യത്തെ മനസ്സിലാക്കിയശേഷം ആ പ്രവചനത്തെ പറയുവാൻ പരിശുദ്ധാത്മാവ് പ്രേരിപ്പിച്ചാൽ മാത്രമേ പറയാവൂ.

ഇങ്ങനെയാണു പല വിഷയങ്ങളെയും പഠിക്കുവാൻ വേ ചെറിയ പ്രവാചകന്മാർ സ്കൂൾ വിദ്യാർത്ഥികളെപ്പോലെ എലീശാ പ്രവാചകന്റെ വീട്ടിൽ കൂട്ടി വന്ന് പരിശീലനം തീരുന്നതുവരെ രാത്രിയും പകലും അവിടെത്തന്നെ താമസിക്കും. അങ്ങനെ ഒരു ദിവസം എലീശായുടെ ഭവനത്തിൽ താമസിച്ചവരുടെ എണ്ണം വർദ്ധിച്ചതുകൊ് മറ്റൊരു വലിയ സ്ഥലം കുപിടിച്ച് അവിടെ ധാരാളം കൂടാരങ്ങൾ ഉാക്കുവാൻ വേ മരങ്ങൾ മുറിക്കുവാൻ വേ അനുവാദം ശിഷ്യന്മാർ എലീശയോട് ചോദിച്ചു. അനുവാദം കിട്ടിയശേഷം ശിഷ്യന്മാർ എല്ലാവരും മരംവെട്ടുവാൻ പുറപ്പെട്ടു. അതിൽ ഒരുവൻ ആറ്ററികിലെ ഒരു മരം ക് അതിൽ കയറി ഒരു ശിഖരത്തെ മുറിയ്ക്കുവാൻ തുടങ്ങി. അപ്പോൾ അവന്റെ കയ്യിൽ നിന്നും കോടാലി തെറിച്ച് ആറ്റിനകത്തു വീണു. അപ്പോൾ ആ ശിഷ്യൻ എലീശയോട് പറഞ്ഞു, എന്റെ കോടാലി ഒഴുകുന്ന ആറ്റിൽ വീണു. അത് എന്റെ സ്വന്തമല്ല, മറ്റൊരാളിൽ നിന്നും കടമായി വാങ്ങിയതാണ്. അപ്പോൾ എലീശാ പ്രവാചകൻ അത് എവിടെയാണ് വീണതെന്ന് ചോദിച്ചു. അതിനുശേഷം ശിഷ്യന്മാരെല്ലാം നോക്കിനിൽക്കെ എലീശാ ഒരു കമ്പ് വെട്ടി ആ ശിഷ്യൻ കാണിച്ച് ഭാഗത്ത് എറിഞ്ഞു. അപ്പോൾ ആറ്റിനടിയിൽ പോയ കോടാലി മുകളിലേയ്ക്ക് പൊങ്ങിവന്നു. അപ്പോൾ എലീശാ അവനോട് അത് പോയി എടുത്തുകൊള്ളുവാൻ പറഞ്ഞു. അപ്പോൾ ആ ശിഷ്യൻ കൈനീട്ടി ആ കോടാലി എടുത്തു എന്ന് വേദപുസ്തകത്തിൽ എഴുതിയിരിക്കുന്നു. കൈനീട്ടി എടുത്തു എന്നതിനർത്ഥം

ഒഴുകുന്ന വെള്ളത്തിലും ആ കോടാലി ഒഴുകിപ്പോകാതെ വീണസ്ഥലത്തു തന്നെ നിന്നു. ഇത് ശിഷ്യന്മാർക്ക് ഒരു പരിശീലനം തന്നെ ആയിരുന്നു.

കോടാലി ഇരുമ്പുകൊുള്ളതാണ്. അതിനാൽ തന്നെ ഈ കോടാലി വളരെ ആഴത്തിൽ പോയിരിക്കാം. പിന്നെ എങ്ങനെയാണ് ആഴത്തിൽ പോയ കോടാലി പൊങ്ങിവന്ന് നിശ്ചലമായി നിന്നത്. ഇതാണ് പ്രകൃതിയ്ക്ക് എതിരായ ഒരു അത്ഭുതം. ഇതിൽ ശ്രദ്ധിക്കേതായ ഒരു വിഷയം, ആ ശിഷൻ എന്തുകൊാണ് കരഞ്ഞത്? അത് കടമായി വാങ്ങിയതാണ്. അത് തിരികെ കൊടുത്തില്ലെങ്കിൽ, അത് ദൈവനാമത്തിന് അപമാനം ഉാക്കും. ദൈവമക്കൾക്കും അത് ഒരു അപമാണമാണ്. ദൈവമക്കൾ കടമുള്ളവരായിരിക്കുവാൻ പാടില്ല. നാമും നമ്മുടെ ജീവിതത്തിൽ കടം വാങ്ങാതെ ഇരിക്കുവാൻ ശ്രദ്ധിക്കണം.

എന്റെ പിതാവ് ഞങ്ങളെ വളർത്തുമ്പോൾ ആരുടെ കയ്യിൽ നിന്നും കടം വാങ്ങാതെയാണ് വളർത്തിയത്. എന്റെ പിതാവ് ഒരു റെയിൽവേ ഉദ്യോഗസ്ഥനായിരുന്നു. എന്റെ വീട്ടിൽ 9 മക്കൾ. ഡോ. പുഷ്പരാജ് ആയ ഞാനാണ് ഭവനത്തിൽ ഏറ്റവും അവസാനം ജനിച്ചത്. മറ്റെല്ലാവരും എന്റെ ചേച്ചിമാരാണ്. അപ്പന്റെ ഒരേ വരുമാനത്തിൽ നിന്നുമാണ് ഞങ്ങൾ എല്ലാവരും വളർന്നതും പഠിച്ചതുമെല്ലാം. ഒറ്റ വരുമാനത്തിലാണ് ഞങ്ങൾ വളർന്നതെങ്കിലും ഞങ്ങൾക്ക് ഒന്നിനും കുറവ് ഇല്ലായിരുന്നു. അപ്പനും അമ്മയും ഒരുമിച്ച് ചെലവുകൾ ചുരുക്കി ജീവിതം മുന്നോട്ടുനീക്കി. അതിന് അമ്മയും അപ്പനെ വളരെ സഹായിച്ചു. അന്നത്തെ കാലത്ത് ടെലിവഷൻ പ്രചാരത്തിലില്ല. ഒരു റേഡിയോ പോലും ഉായിരുന്നില്ല. ക്രിസ്തീയ ആരാധനകളും പ്രഭാഷണങ്ങളും കേൾക്കുവാൻ ഒരു റേഡിയോ വാങ്ങണമെന്ന് വളരെ നാളുകളായി ഞങ്ങൾ അപ്പനോട് ആവശ്യപ്പെടുമായിരുന്നു. അപ്പോഴെല്ലാം എന്റെ ബഡ്ജറ്റിൽ അതിനുള്ള തുക ഇപ്പോൾ ഇല്ല എന്ന് അപ്പൻ പറഞ്ഞു. ഫിലിപ്സിന്റെ റേഡിയോ തവണ വ്യവസ്ഥയിൽ വിൽക്കുന്ന സ്ഥാപനത്തെക്കുറിച്ച് അറിഞ്ഞ അമ്മ ഇക്കാര്യം അപ്പനെ അറിയിച്ചു. അങ്ങനെ വാങ്ങുവാനുള്ള അനുമതി അപ്പൻ നൽകി. അങ്ങനെ ഒരു റേഡിയോ വാങ്ങുവാൻ സാധിച്ചതിൽ ഞങ്ങൾ എല്ലാവരും സന്തോഷിച്ചു. പക്ഷേ, ഈ റേഡിയോയ്ക്ക് കൊടുക്കേ തവണ തുകകൾ അടച്ചു തീരുന്നതുവരെ ഞങ്ങളുടെ ഭവനത്തിൽ

ആഴ്ചയിൽ ഒരിക്കൽ വാങ്ങുമായിരുന്ന മാംസാഹാരങ്ങൾ നിർത്തലായി. അങ്ങനെ ഒരുവിധം ചിലവു ചുരുക്കി റേഡിയോ വാങ്ങിയ കടം അടച്ചു തീർത്തു. കടം വാങ്ങുന്നതിൽ തെറ്റില്ല. പക്ഷേ അത് കൊടുത്തു തീർക്കുവാനുള്ള ഉത്തരവാദിത്തം നമുക്ക് ഉായിരിക്കണം. നിങ്ങളുടെ വരുമാനത്തിന് ഒത്തവണ്ണം, വായ്പ തിരിച്ചടയ്ക്കുവാനുള്ള വരുമാനം ഉങ്കെിൽ മാത്രമേ കടങ്ങൾ വാങ്ങുവാൻ പാടുള്ളൂ. ആഡംബരങ്ങൾക്കുവേി കടക്കാരനായി നിങ്ങൾ ദുഃഖിക്കുവാൻ ഇടയാകരുത്. കടം തീരുന്നതുവരെ വീട്ടിൽ സന്തോഷവും സമാധാനവും ഉാവുകയില്ല. ആയതിനാൽ, ദൈവമക്കൾ ഈ വിഷയത്തിൽ ശ്രദ്ധയുള്ള വരായിരിക്കണം. അതുകെ‍ാ്, ദൈവമക്കൾ തങ്ങളുടെ നന്മയ്ക്കായും അഭിവൃദ്ധിക്കായും യേശുകർത്താവിനെക്കൂടി ഓഹരിക്കാരനായി ചേർക്കുമെങ്കിൽ അവൻ നമ്മുടെ വരുമാനത്തെ വർദ്ധിപ്പിക്കുകതന്നെ ചെയ്യും.

യേശു നല്ലവനാണ്. തന്നിൽ പ്രത്യാശിക്കുന്നവരെ അവൻ ഒരിക്കലും കൈവിടുകയില്ല. സാരഫാത്തിലെ വിധവയുടെ ഭവനത്തിൽ ഉായിരിക്കുന്ന ദാരിദ്ര്യം അതികഠിനമായ അവസരത്തിൽ, അവിടെ കടന്നുവന്ന ഏലിയാ പ്രവാചകൻ, അവളോട്, നിനക്കുള്ളതിൽ നിന്നും ആദ്യം എനിക്ക് ആഹാരം ഉാക്കിത്തരുവാൻ പറഞ്ഞു. ദൈവത്തിനായി കൊടുത്തിട്ടുള്ള ആരും ദരിദ്രരായി ത്തീർന്നിട്ടില്ല. കൊടുപ്പിൻ എന്നാൽ നിങ്ങൾക്കു ലഭിക്കും എന്ന് വേദപുസ്തകത്തിൽ പറയുന്നു. ദൈവത്തിനായി കൊടുത്തതിനാൽ, ആ വിധവയുടെ വീട്ടിൽ എണ്ണയ്ക്കും മാവിനും ഒരിക്കലും കുറവ് വന്നിട്ടില്ല. നിങ്ങളുടെ വരുമാനം കുറഞ്ഞിരുന്നാലും അതിലുള്ള തൃപ്തിയും സമാധാനവും എന്നും ഉായിരിക്കും. ആഹാരത്തിന് ഒരു കുറവും ഉാകയില്ല. കടമില്ലാത്തതിനാൽ ജീവിതത്തിൽ സന്തോഷവും ഉാകും.

ഇതുവരെ എന്റെ വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും സുവിശേഷവേലയിലും ഒരു കടവും ഇല്ലാതെ ഞാൻ ജീവിച്ചുവരുന്നു. ഞാനും എന്റെ ഭാര്യയും ജോലി ഉപേക്ഷിച്ച് മുഴുവൻ സമയ ദൈവവേല്യ്ക്കായി ഇറങ്ങി. ആ സമയത്താണ് എന്റെ ദൈവവേലയിൽ ഒരു ശോധനവന്നത്. എന്റെ ഭാര്യയുടെ രു കാലുമുട്ടുകൾക്കും തേയ്മാനം വന്ന്, വളരെ വേദനയിലായി, നടക്കുവാനും

ഒന്നും കഴിയാതെ പോയി. വിദഗ്ദരായ രു ഡോക്ടർമാരോട് ഉപദേശം ചോദിച്ചപ്പോൾ അവർ പറഞ്ഞത്, തേയ്മാനം സംഭവിച്ച ഭാഗം നീക്കിക്കളഞ്ഞിട്ട്, അവിടെ ആർട്ടിഫിഷ്യൽ മുട്ട് ഘടിപ്പിക്കണം എന്ന് പറഞ്ഞു. അതിനുവേി 5 ലക്ഷം രൂപ ആവശ്യപ്പെട്ടു. അത്രയും പണത്തിന്, എവിടെ പോകും, അതിനുവേി വീട് പണയപ്പെടുത്തണമോ എന്ന് ചിന്തിച്ചു കൊിരുന്നു. എന്നാൽ, മരുഭൂമിയിൽ ഏലിയാ പ്രവാചകന് കാക്കയെ കൊ് അപ്പം നൽകി പോഷിപ്പിച്ച ദൈവം അവിടെയും എന്നെ ദൈവം സഹായിച്ചു. തിരുവനന്തപുരത്തുനിന്നും ഡോ. പ്രേം സുധാകർ എന്ന ദൈവവേലക്കാരൻ ഈ 5 ലക്ഷം രൂപയും നൽകി സഹായിച്ചു. പിന്നീട് ഈ തുക മടക്കി നൽകിയപ്പോൾ അദ്ദേഹമത് വാങ്ങിയില്ല, സ്നേഹപൂർവ്വം നിരസിക്കുകയാണ് ചെയ്തത്.

എലീശായുടെ ശിഷ്യന്മാർ മരം വെട്ടുവാൻ കാട്ടിലേക്ക് പോകുമ്പോൾ, മറ്റാരും എലീശയെക്കൂടെ വരുവാൻ ക്ഷണിച്ചില്ല. എന്നാൽ, കോടാലി നഷ്ടപ്പെട്ട ശിഷ്യൻ മരംവെട്ടുവാൻ പോകുന്നതിനു മുമ്പ് തന്നെ, എലീശാ പ്രവാചകനെയും തന്നോടൊപ്പം വരേതിനായി ക്ഷണിച്ചു. അതുകൊാണ്, കോടാലി വെള്ളത്തിൽ വീണപ്പോൾ തന്നെ അത് മടക്കി ലഭിക്കുവാൻ എലീശയ്ക്ക് പെട്ടെന്ന് തന്നെ പ്രവർത്തിക്കുവാൻ കഴിഞ്ഞത്. അതുപോലെ തന്നെയാണ് നാമും നമ്മുടെ ജീവിതത്തിൽ പ്രവർത്തിക്കേത്. നാം എവിടെ പോയാലും നമ്മുടെ കർത്താവായ യേശുക്രിസ്തുവിനെക്കൂടി ക്ഷണിച്ച് കൊുപോകണം. അങ്ങനെയാണെങ്കിൽ നമ്മുടെ ജീവിതയാത്രയിൽ ഏതൊരു പ്രതിസന്ധി കടന്നുവന്നാലും, ക്രിസ്തു നമ്മോടൊപ്പം ഉങ്കെിൽ അതിനുള്ള പ്രതിവിധിയും നമുക്ക് പെട്ടെന്നുതന്നെ ലഭിക്കും. അതുകൊു തന്നെയാണ് പിതാവായ ദൈവം, പുത്രനായ യേശുവിനെ ഈ ലോകത്തിലേക്ക് ‘ഇമ്മാനുവേൽ’ എന്ന പേരു നൽകി അയച്ചത്. ഇമ്മാനുവേൽ എന്ന പേരിന്റെ അർത്ഥം ‘ദൈവം നമ്മോടുകൂടെ’ ഇരിക്കുന്നു എന്നാണ്.

ദൈവത്തിന് ഇഷ്ടമാണെങ്കിൽ അടുത്ത മാസത്തിലും ജാമക്കാരൻ മാസികയിലൂടെ ഞാൻ നിങ്ങളെ സന്ദർശിക്കും.

ഡോ. പുഷ്പരാജ

# ദൈവത്തിന്റെ കയ്യൊപ്പ്

“അയ്യോ എന്റെ വാക്കുകൾ ഒന്നു എഴുതിയെങ്കിൽ, ഒരു പുസ്തകത്തിൽ കുറിച്ചുവെച്ചെങ്കിൽ കൊള്ളായിരുന്നു. അവയെ ഇരുമ്പാണിയും ഈയവും കൊ ു പാറയിൽ സദാകാലത്തേക്കു കൊത്തി വെച്ചെങ്കിൽ കൊള്ളായിരുന്നു. എന്നെ വീടെുക്കുന്നവൻ ജീവിച്ചിരിക്കുന്നു എന്നും അവൻ ഒടുവിൽ പൊടിമേൽ നില്ക്കുമെന്നും ഞാൻ അറിയുന്നു” (ഇയ്യോബ് 19:23–25).

പഴയനിയമത്തിലെ പതിനെട്ടാമത്തെ പുസ്തകത്തിലെ ഭക്തനായ ഇയ്യോബിന്റെ ഹൃദയത്തിൽ ഒരാഗ്രഹം ഉായിരുന്നു. അത് എന്തെന്നാൽ, താൻ സംസാരിക്കുന്ന വാക്കുകളെല്ലാം കാറ്റിൽ പറന്നുപോകാതെ, മറ്റുള്ളവർക്ക് പ്രയോജനപ്പെടണം എന്ന് ആഗ്രഹിച്ചു. അതുകൊാണ് ഇയ്യോബ് തന്റെ പുസ്തകത്തിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നത്.....

1. ആ വാക്കുകൾ എഴുതപ്പെടണം.
2. ആ വാക്കുകൾ ഒരു പുസ്തകമാക്കി വയ്ക്കണം.
3. ആ വാക്കുകൾ എന്നെന്നും നിലനില്ക്കുവാൻ അവയെ ഇരുമ്പാണിയും ഈയവും കൊ് പാറയിൽ കൊത്തി വയ്ക്കണം.

ഭക്തനായ ഇയ്യോബിന്റെ ഉള്ളത്തിൽ വരയ്ക്കുവാൻ ആഗ്രഹിച്ച കാര്യം എന്താണ്? ഇയ്യോബ് പറയുവാൻ ആഗ്രഹിച്ച പ്രധാനപ്പെട്ട കാര്യം എന്തെന്നാൽ, അത് ഇയ്യോബ് 19:25 –ൽ നമുക്കു കാണാം, ‘എന്നെ വീടെുക്കുന്നവൻ ജീവിച്ചിരിക്കുന്നു’ എന്നതാണ്. ഈ വാക്കുകൾ ഓരോരുത്തരുടേയും ഹൃദയങ്ങളിൽ ചെന്നെത്തണം എന്നുള്ളതാണ്. ഇയ്യോബിന്റെ പുസ്തകം നാം വായിക്കുമ്പോൾ, അബ്രഹാം, യിസ്ഹാക്ക്, യാക്കോബ് തുടങ്ങിയ പൂർവ്വ പിതാക്കന്മാരുടെ പേരുകളൊന്നും കാണുന്നില്ല. അതുകൊ് ഇയ്യോബ് അബ്രഹാമിനും മുമ്പെ ജീവിച്ചിരുന്നവനാണോ എന്നു ചിന്തിക്കുവാൻ തോന്നുന്നു. കേരളത്തെ ഭരിച്ച രാജാക്കന്മാരുടെ പേരുകളും ഭരണകാലവും ഉൾപ്പെട്ട അവരുടെയെല്ലാം ചരിത്രപശ്ചാത്തലങ്ങൾ പലയിടങ്ങളിലും കല്ലുകളിൽ കൊത്തിവച്ചിട്ടു്.

അതിനുകാരണം, എക്കാലവും മാഞ്ഞുപോകാതെ എന്നും നിലനില്ക്കുന്നതിനുവേിയാണ്. അതുപോലെതന്നെ സാക്ഷര കേരളത്തിന്റെ നവോത്ഥാനത്തിൽ പങ്കാളികളായ മിഷണറിമാരുടെ പേരുകളും വിവരങ്ങളും പലയിടത്തും സ്മാരകമായി സൂക്ഷിച്ചിട്ടുള്ളതും നമുക്ക് അറിവുള്ളതാണല്ലോ.

പൊതുവെ, മാസികകളിലും പത്രങ്ങളിലും ഓരോ വിഷയസംബന്ധമായി കാര്യങ്ങൾ വായിക്കുമ്പോൾ അത് എഴുതിയ വ്യക്തികളുടെ വ്യക്തിത്വത്തെ തിരിച്ചറിയുവാൻ സാധിക്കും. വ്യക്തികളുടെ വാക്കുകളെക്കാൾ ദൈവത്തിന്റെ വാക്കുകൾ വേദപുസ്തകത്തിൽ ഉ്. അതിൽ ദൈവത്തിന്റെ ശക്തിയും, മഹത്വവും, സ്വഭാവവും, അനുഗ്രഹങ്ങളും ഉ്. അത് നമുക്ക് മനസ്സിലാക്കുവാനും കഴിയും.

അതുകൊ് ദൈവം തന്റെ കൈവിരലുകളാൽ എഴുതിയ ചില വചനങ്ങളെക്കുറിച്ച് ഇവിടെ നമുക്ക് ചിന്തിക്കാം.

1. ന്യായപ്രമാണത്തിന്റെ പൊരുൾ.
2. ദേവാലയത്തെക്കുറിച്ചുള്ള എരിവ്.
3. ന്യായവിധിയെക്കുറിച്ചുള്ള വെളിപാട്.
4. പാപമോചനത്തെ സംബന്ധിച്ചുള്ള അറിവ്.

ന്യായപ്രമാണത്തിന്റെ പൊരുൾ

“അവൻ സീനായി പർവ്വതത്തിൽ വെച്ചു മോശയോടു അരുളി ചെയ്തു കഴിഞ്ഞശേഷം ദൈവത്തിൻരെ വിരൽ കൊ‌ു എഴുതിയ കല്പലകകളായ സാക്ഷ്യപലക രും അവന്റെ പക്കൽ കൊടുത്തു (പുറപ്പാട് 31:18). ലോകത്തിൽ ആദ്യമായി ദൈവത്തിന്റെ കയ്യെഴുത്ത് സീനായി പർവ്വതത്തിൽ തന്നെ കാണുന്നു. പരിശുദ്ധമായ തന്റെ കൈ വിരലുകളാൽ എഴുതിയ രു കല്പലകകൾ സാക്ഷ്യങ്ങളായി ദൈവം മോശയെ ഏല്പിച്ചു. നമുക്കുവേി ദൈവം എഴുതി. ദൈവമക്കളായ നമുക്ക് നൽകുവാൻ നാം നടക്കേുന്ന പ്രമാണങ്ങളെ എഴുതുവാൻ ദൈവം ആഗ്രഹിച്ചു. ആ കല്പനകളെ വാങ്ങുവാൻ വേി മോശെ നാല്പതുരാവും നാല്പതു പകലും പർവ്വതത്തിൽ ദൈവസന്നിധിയിൽ ഉപവസിച്ചു കാത്തിരുന്നു. ആ കല്പനകൾ ദൈവം തന്റെ കൈവിരലുകളാൽ എഴുതുവാൻ

ആരംഭിച്ച സമയത്ത് പർവ്വതം മേഘങ്ങൾ കൊു മൂടി. ശക്തമായ കാറ്റും ഇടിമുഴക്കവും മിന്നലുകളും ഉായി. ജനങ്ങളെല്ലാം ഭയപ്പെട്ട് വിറക്കുന്ന വിധം പർവ്വതത്തിൽ ദൈവത്തിന്റെ ശക്തി ഇറങ്ങി. കല്ലുകളിൽ വിരലുകൊ് എഴുതുന്നത് വളരെയധികം കഠിനമായ പ്രവൃത്തിയാണ്. ദൈവത്തിന്റെ വിരലുകളിൽ മുറിവ് ഉായിരിക്കാം. അതിനാൽ രക്തവും വന്നിരിക്കാം. പക്ഷേ, തന്റെ വിരലുകളിൽ എത്രതന്നെ മുറിവുായാലും, തന്റെ മക്കൾക്ക് കല്പനകളെ എഴുതി നൽകുവാനുള്ള വാഞ്ച ദൈവത്തിന് ഉായിരുന്നു. തന്റെ മക്കൾ തങ്ങളുടെ ഇഷ്ടപ്രകാരം ജീവിക്കുവാൻ വിടാതെ, ദൈവമക്കൾ എങ്ങനെ നടക്കണം എന്നു വ്യക്തമാക്കിക്കൊ്, ഓരോരുത്തരും എങ്ങനെ നടക്കണം, എങ്ങനെ നടക്കുവാൻ പാടില്ല എന്നുള്ള പ്രമാണങ്ങളെ വ്യക്തമായി കല്പലകകളുടെ രു വശത്തുമായി എഴുതി. ഈ പ്രമാണങ്ങളുടെ സംരക്ഷണ വലയത്തിനുള്ളിൽ നാം സുരക്ഷിതമായി കഴിയുവാനാണ് ദൈവം ആഗ്രഹിക്കുന്നത് എന്ന കാര്യം നാം മറക്കരുത്. നാം ഒരു ഭവനം പണിയുന്നതിന് ഒരു സ്ഥലം സ്വന്തമാക്കുമ്പോൾ, അത് പണിയുന്നതിനുള്ള സാമ്പത്തികം ലഭിക്കുന്നതുവരെ നാം വാങ്ങിയ സ്ഥലം മറ്റുള്ളവർ കയ്യേറുവാൻ പാടില്ലാത്തവിധം നമ്മുടെ സ്ഥലത്തിനു ചുറ്റും കമ്പിവേലികൾകൊ് സുരക്ഷിതമാക്കുമല്ലോ. നമ്മുടെ പിതാവായ ദൈവം കല്പലകകളുടെ ഇരുവശത്തുമായി എഴുതുവാൻ കാരണം, ദൈവമക്കളായ നാം, നമ്മുടെ വാക്കുകളും പ്രവർത്തികളും ഹൃദയശുദ്ധിയോടെ കാത്തുസൂക്ഷിക്കുവാൻ വേിയാണ്.

യിസ്രായേൽ ജനങ്ങൾക്കുമാത്രം എഴുതി നൽകപ്പെട്ട ന്യായപ്രമാണം, ജാതികളായി മശിഹായെ സ്വീകരിച്ച നമുക്ക് ഓരോരുത്തർക്കും പഴയ പുതിയ നിയമങ്ങളായ സമ്പൂർണ്ണ വേദപുസ്തകത്തെ എഴുതി നൽകി. പഴയനിയമത്തിൽ ചട്ടങ്ങളു്. പുതിയ നിയമത്തിൽ ദൈവത്തിന്റെ കൃപയും വിശുദ്ധന്മാരുടെ അനുഭവങ്ങളും എഴുതിയിരിക്കുന്നു. അവയെ നാം അനുസരിക്കുകയാണെങ്കിൽ ഒരിക്കലും നാം ഇടറിപ്പോകയില്ല. നമ്മെ വാലാക്കാതെ തലയാക്കും, താഴ്ത്തപ്പെടാതെ ഉയർത്തും (ആവ. 28:17).

**ആലയം - ദേവാലയത്തെക്കുറിച്ചുള്ള എരിവ്**

“ഇവയെല്ലാം ഈ മാതൃകയുടെ എല്ലാ പണികളും യഹോവ എനിക്കുവേി തന്റെ കൈകൊും എഴുതി രേഖാമൂലം എന്നെ ഗ്രഹിപ്പിച്ചിരിക്കുന്നു എന്നു

ദാവീദു പറഞ്ഞു” (1 ദിനവൃത്താന്തം 28:19). ഒന്നാമതായി, ദൈവം തന്റെ കൈവിരലുകളാൽ കല്പനകളെ എഴുതി മോശെയ്ക്ക് കൊടുത്തത് നാം വായിച്ചു. രാമതായി, ദൈവം തന്റെ കൈകൊ് എഴുതിയതായി വേദപുസ്തകത്തിൽ വായിക്കുന്നത്, ദാവീദ് രാജാവ് ദൈവത്തിനായി ഒരു ആലയം പണിയുവാൻ തീരുമാനിച്ച പ്പോഴാണ്. തന്റെ നാമമഹത്വത്തിനായി കെട്ടപ്പെടുന്ന ആലയം എങ്ങനെ ആയിരിക്കണം എന്ന പ്ലാനും പദ്ധതിയും ദൈവം തന്റെ കൈവിരലു കളാൽ വരച്ചു കാണിച്ചു. ദേവാലയത്തിന്റെ നിർമ്മിതിയിൽ പുരോഹിതൻ, ലേവ്യൻ എന്നിവരുടെ സ്ഥാനങ്ങളും കൃപാസനത്തിന്റെ സ്ഥാനം തുടങ്ങിയവയെല്ലാം എഴുതി ദാവീദിന് നൽകി. അത് ദാവീദ് തന്റെ മകനായ ശലോമോന്റെ കരങ്ങളിൽ ഏല്പിച്ചു.

ദൈവത്തിന് ഒരു ആലയം നിർമ്മിക്കുവാനുള്ള ആഗ്രഹം അവനെ ഒരു ഭ്രാന്തനാക്കി. ദേവാലയം പണിയുന്നതിനുള്ള സാധന സമാഗ്രികളെല്ലാം ദാവീദ് ശേഖരിച്ചുവച്ചു. എന്നാൽ ദൈവം അരുളി ചെയ്തു, ദാവീദേ, നീ എനിക്കു വേി ആലയം പണിയേ, കാരണം നീ യുദ്ധമുഖത്ത് രക്തം ചിന്തിയവനാണ്. ദൈവം പറഞ്ഞ ഈ വാക്കുകളെ ദാവീദ് കേട്ടപ്പോൾ, ഒരു കുഞ്ഞിനെപ്പോലെ ദാവീദ് കരഞ്ഞിരിക്കും എന്നു ഞാൻ ചിന്തിക്കുന്നു. അവന്റെ കരച്ചിൽ ക ദൈവം, ദേവാലയത്തിന്റെ മാതൃക തന്റെ കയ്യാൽ വരച്ച് ദാവീദിനു നൽകി അവനെ ആശ്വസിപ്പിച്ചു. ദൈവത്താൽ നൽകപ്പെട്ട പ്ലാൻ പ്രകാരം ദേവാലയം ശലോമോൻ രാജാവ് പൂർത്തീകരിച്ചു. ആലയത്തിന്റെ പ്രതിഷ്ഠാ സമയത്ത് ശലോമോൻ പ്രാർത്ഥിച്ചു. പ്രാർത്ഥിച്ച സമയത്ത് ദൈവത്തിന്റെ മഹത്വം മേഘങ്ങളിൽ ഇറങ്ങിവന്നു. ആ മഹത്വം കൊ് ദേവാലയം നിറഞ്ഞു.

പുതിയനിയമത്തിൽ ദൈവത്തിന്റെ ആലയമായി, കൂടാരമായി, പ്രാർത്ഥനാ വീടായി, ദൈവം വസിക്കുന്ന ഭവനമായി നാം ഓരോരുത്തരെയും ആക്കിയിരിക്കുന്നു. നമ്മുടെ ജീവിതത്തെക്കുറിച്ച് ദൈവത്തിന് ഒരു പദ്ധതിയു്. നമ്മുടെ ജീവിതം കർത്താവിന്റെ പദ്ധതി പ്രകാരം ദൈവത്തിന്റെ വിരൽകൊ് എഴുതിയ നിയമപ്രകാരം ആയിരിക്കുമെങ്കിൽ നമ്മിൽ ദേവാധിദേവൻ ആവസിക്കും. നാമും അവന്റെ ജനം ആയിരിക്കും.

**ന്യായവിധിയെക്കുറിച്ചുള്ള വെളിപാട്**

"ആകയാൽ അവൻ ആ കൈപ്പത്തി അയച്ചു ഈ എഴുത്തു എഴുതിച്ചു. എഴുതിയിരിക്കുന്ന എഴുത്തോ: മെനേ, മെനേ, തെക്കേൽ, ഊഫർ സീൻ" (ദാനിയേൽ 5:24,25). കർത്താവ് എപ്പോഴാണ് ന്യായവിധി എഴുതുന്നത്? ഏതൊരു മനുഷ്യനും എപ്പോഴാണ് കർത്താവിന്റെ ന്യായപ്രമാണത്തെ അനുസരിക്കാതിരിക്കുന്നത് ബഹുമാനിക്കാതിരി ക്കുന്നത് അപ്പോൾ ആയിരിക്കും ദൈവം ന്യായവിധി എഴുതുന്നത്. ബേൽശസ്സർ രാജാവ് സിംഹാസനസ്ഥനായതിനുശേഷം ദൈവത്തിന്റെ ന്യായവിധിയെ അലക്ഷ്യമാക്കി. തന്റെ അപ്പനായ നെബുദ്നേസർ രാജാവ് യെരൂശലേമിലെ മന്ദിരത്തിൽ നിന്നു എടുത്തുകൊു വന്നിരുന്ന പൊൻവെള്ളി പാത്രങ്ങളെ രാജാവും മഹത്തുക്കളും അവന്റെ ഭാര്യമാരും വെപ്പാട്ടികളും അവയിൽ കുടിക്കേതിനായി കൊു വരുവാൻ കല്പിച്ചു (ദാനിയേൽ 5:2).

ദൈവകല്പനയെ അലക്ഷ്യമാക്കി, ദൈവത്തിനായി പ്രതിഷ്ഠിച്ചിരുന്ന പാത്രങ്ങളെ അശുദ്ധമാക്കി 1 കൊരിന്ത്യർ 3:17 –ൽ അപ്പൊസ്തലനായ പൗലോസ് എഴുതിയിരിക്കുന്നു. "നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവു നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ? ദൈവത്തിന്റെ മന്ദിരം നശിപ്പിക്കുന്നവനെ ദൈവം നശിപ്പിക്കും; ദൈവത്തിന്റെ മന്ദിരം വിശുദ്ധമല്ലേ; നിങ്ങളും അങ്ങനെ തന്നെയെന്ന്. അതുകൊ്, പ്രിയ ദൈവമക്കളെ, ദൈവത്തിന്റെ മന്ദിരം വിശുദ്ധമായിരിക്കുന്നു, നിങ്ങൾ തന്നെയാണ് ആ മന്ദിരം. അതുകൊ് ദൈവത്തിന്റെ മന്ദിരമായ നമ്മുടെ ഹൃദയങ്ങളും നാം വിശുദ്ധമായി കാത്തുസൂക്ഷിക്കണം. കർത്താവ് നമ്മെ ന്യായം വിധിക്കുവാൻ ഇഷ്ടപ്പെടുന്നില്ല. കൃപ നൽകുവാൻ ഇഷ്ടപ്പെടുന്നു. ദൈവം നമ്മെ പരിശുദ്ധരായിരിക്കുവാനാണ് വിളിച്ചിരിക്കുന്നത്.

കൊട്ടാരത്തിന്റെ ചുവരിൽ എഴുതിയ എഴുത്ത് രാജാവിന്റെ കൊട്ടാരത്തിൽ ഉായിരുന്ന വിദ്വാന്മാർക്കൊന്നും വായിക്കുവാൻ കഴിഞ്ഞില്ല. ഇതിൽ നിന്നും നാം മനസ്സിലാക്കേത് ദൈവം എഴുതുന്ന എഴുത്ത് സാധാരണക്കാരന് മനസ്സിലാക്കുവാൻ കഴിയുകയില്ല. അതിന്റെ അർത്ഥം പോലും പറയുവാൻ സാധിക്കുകയില്ല. ദൈവത്തോട് അടുത്തിരിക്കുന്ന വിശുദ്ധന്മാർക്കുമാത്രമേ

അതിന്റെ അർത്ഥം മനസ്സിലാക്കുവാൻ കഴിയുകയുള്ളൂ. അതുകൊുതന്നെ, ദൈവം എഴുതിയ എഴുത്ത് ദൈവമനുഷ്യനായ ദാനിയേലിനുമാത്രമേ വായിക്കുവാനും അർത്ഥം പറഞ്ഞുകൊടുക്കുവാനും കഴിഞ്ഞുള്ളൂ. ചുമരിൽ എഴുതപ്പെട്ട എഴുത്തുകളുടെ അർത്ഥമെന്താണ്. മെനേ മെനേ എന്നുവെച്ചാൽ : ദൈവം നിന്റെ രാജത്വം എണ്ണി, അതിന്നു അന്തം വരുത്തിയിരിക്കുന്നു. തെക്കേൽ എന്നുവെച്ചാൽ : തുലാസിൽ നിന്നെ തൂക്കി, കുറവുള്ളവനായി കിരിക്കുന്നു. പെറേസ് എന്നുവെച്ചാൽ : നിന്റെ രാജ്യം വിഭാഗിച്ചു മേദ്യർക്കും പാർസികൾക്കും കൊടുത്തിരിക്കുന്നു (ദാനിയേൽ 5:26–28). ദൈവകല്പനയെ ലംഘിച്ച്, നിഗളിച്ചതുകൊ്, ആ രാത്രിയിൽ തന്നെ കല്ദയ രാജാവായ ബേൽശസ്സർ കൊല്ലപ്പെട്ടു. അന്നുതന്നെ ദൈവത്തിന്റെ ന്യായവിധി ബാബിലോണ്യ സാമ്രാജ്യത്തിന് അറുതി വരുത്തി. അതോടെ ബാബിലോണ്യസാമ്രാജ്യം ഈ ഭൂമുഖത്തുനിന്നും തുടച്ചു നീക്കപ്പെട്ടു. മേദ്യനായ ദാര്യാവേശ് അറുപത്തിരു വയസ്സുള്ളവനായി രാജത്വം പ്രാപിച്ചു.

നീതിമാനായ ദേവാധിദേവനായ നമ്മുടെ ദൈവത്തിന്റെ കയ്യിൽ തുലാസ് ഉ്. അതിനാൽ നാം കുറവുള്ളവരാണോ, നിറവുള്ളവരാണോ എന്ന് തൂക്കി നോക്കണം. ഭക്തനായ ഇയ്യോബ് തന്റെ പുസ്തകത്തിൽ ഇങ്ങനെ എഴുതിയിരിക്കുന്നു: “ദൈവം എന്റെ പരമാർത്ഥത അറിയേതിന്നു ഒത്ത ത്രാസിൽ എന്നെ തൂക്കി നോക്കു മാറാകട്ടെ” (ഇയ്യോബ് 31:6) എന്ന്. “നാം നമ്മെത്തന്നെ വിധിച്ചാൽ വിധിക്കപ്പെടുകയില്ല” (1 കൊരിന്ത്യർ 11:31) എന്ന് അപ്പൊസ്തലനായ പൗലൊസും അറിയിക്കുന്നു.

**പാപമോചനത്തെ സംബന്ധിച്ചുള്ള അറിവ്**

“ഇതു അവനെ കുറ്റം ചുമത്തുവാൻ സംഗതി കിട്ടേതിന്നു അവനെ പരീക്ഷിച്ചു ചോദിച്ചതായിരുന്നു. യേശുവോ കുനിഞ്ഞു വിരൽ കൊു നിലത്തു എഴുതിക്കൊിരുന്നു” (യോഹ. 8:6). ഈ വചനത്തിന്റെ സന്ദർഭം എന്താണെന്ന് നമുക്ക് എല്ലാവർക്കും അറിയാമല്ലോ. യേശുക്രിസ്തു ദൈവാലയത്തിൽ ചെന്ന് പതിവുപോലെ ജനത്തെ ഉപദേശിച്ചുകൊിരിക്കുമ്പോൾ ശാസ്ത്രിമാരും പരീശന്മാരും വ്യഭിചാരത്തിൽ പിടിക്കപ്പെട്ട ഒരു സ്ത്രീയെ കൊുവന്നു നടുവിൽ നിർത്തിയതായി നാം യോഹന്നാന്റെ സുവിശേഷം 8–ാം അദ്ധ്യായത്തിന്റെ

ആരംഭത്തിൽ കാണുന്നു. വ്യഭിചാരം ചെയ്യുന്നത് രു പേർ ചേർന്നാണ്. ഒറ്റയ്ക്ക് ആർക്കും വ്യഭിചാരം ചെയ്യുവാൻ കഴിയുകയില്ല. എന്നാൽ വ്യഭിചാരക്കുറ്റത്തിന് പിടിക്കപ്പെട്ട സ്ത്രീയെ മാത്രം ഇവിടെ യേശുവിന്റെ മുന്നിൽ കൊുവന്നിരിക്കുകയാണ്. എന്നാൽ ഇവളോടൊപ്പം വ്യഭിചാരത്തിൽ പങ്കുകൊ രാമത്തെ വ്യക്തി എവിടെ? ആ വ്യക്തിയും വ്യഭിചാരം ചെയ്തതല്ലെ? എങ്കിൽ ആ വ്യക്തിയെ മാത്രം ഒഴിവാക്കിയതെന്ത് എന്ന് നമുക്കും തോന്നുന്നില്ലേ. ഇത് യേശുക്രിസ്തുവിനെ കുറ്റം ചുമത്തുവാൻ വേയാണ് ശാസ്ത്രിമാരും പരീശന്മാരും ഇവിടെ നിൽക്കുന്നത്. കാരണം, മോശെയുടെ ന്യായപ്രമാണത്തിൽ എഴുതിയിരിക്കുന്നത്, വ്യഭിചാരത്തിൽ പിടിക്കപ്പെടുന്നവരെ കല്ലെറിഞ്ഞുകൊല്ലേണം എന്നാണ്. ഇവിടെ, അവളെ കല്ലെറിഞ്ഞു കൊല്ലുവാൻ കല്പിക്കുകയാണെങ്കിൽ, അത് യേശുക്രിസ്തു പാപികളെ രക്ഷിക്കുന്നതിനല്ലേ വന്നത്, അപ്പോൾ എങ്ങനെ ശിക്ഷിക്കും എന്ന ചോദ്യം വരും അഥവാ അവളെ വെറുതെ വിടുകയാണെങ്കിൽ, യേശു ന്യായപ്രമാണത്തെ ധിക്കരിച്ചു എന്ന കുറ്റം യേശുവിന്റെമേൽ ചുമത്താം എന്നാണ് അവർ വിചാരിച്ചത്. ദൈവമക്കളെ, നാം ഒരു കാര്യം വ്യക്തമായും മനസ്സിലാക്കണം. ക്രിസ്തുവിന്റെ ദൃഷ്ടിയിൽ നിന്നും ആർക്കും രക്ഷപ്പെടുവാൻ സാധിക്കുകയില്ല. യേശു ക്രിസ്തു രുപ്രാവശ്യം കുനിഞ്ഞ് വിരൽ കൊു നിലത്തു എഴുതിക്കൊിരുന്നു എന്ന് വേദപുസ്തകത്തിൽ എഴുതിയിരിക്കുന്നു. യേശുക്രിസ്തു നിലത്ത് എഴുതിയത് എന്താണെന്ന് വേദപുസ്തകത്തിൽ ഒരിടത്തും രേഖപ്പെടുത്തിയിട്ടില്ല. രുവിധത്തിലുള്ള വിധത്തിലുള്ള വിധിയെ ഇവിടെ യേശുക്രിസ്തു തറയിൽ എഴുതി. രു പ്രാവശ്യം യേശു തന്റെ തലപൊക്കി നോക്കിയശേഷം തന്റെ വിധിയെ എഴുതി. ഒന്നാമത്തത്, ആ സ്ത്രീയെ കുറ്റക്കാരിയായി പിടിച്ചുകൊുവന്ന എല്ലാവരേയും നോക്കി. അതിൽ ശാസ്ത്രിമാരു്, പരീശന്മാരു്, സദൂക്യരു്. ഇവരെ നിവർന്നുനോക്കിയാണ്, നിങ്ങളിൽ പാപമില്ലാത്തവൻ ഇവളെ ഒന്നാമതു കല്ലെറിയട്ടെ എന്ന് പറഞ്ഞുകൊ്, അവളെ കൊു വന്നവരുടെ ഓരോ പാപങ്ങൾ നിലത്തെഴുതി ന്യായവിധി പറഞ്ഞത്. അതുകേട്ട് അവരെല്ലാം തങ്ങളുടെ പാപത്തിന്റെ കുറ്റബോധം കൊ് ഓരോരുത്തരായി അവിടെ നിന്നും കടന്നുപോയി. രാമത്തെ വിധി, പാപത്താൽ പിടിക്കപ്പെട്ട അവളുടെ

പാപബോധത്താലുള്ള മോചനം എന്ന ന്യായവിധിയും എഴുതി. ശിക്ഷയിൽ നിന്നും മോചനം ലഭിച്ച സ്ത്രീയോട് യേശുക്രിസ്തു ഒരു നിബന്ധനവെച്ചു. ഞാനും നിനക്കു ശിക്ഷ വിധിക്കുന്നില്ല. പോക, ഇനി പാപം ചെയ്യരുത് (യോഹ. 8:11) എന്ന്. ഇവിടെ യേശുക്രിസ്തുവിന്റെ കൈവിരലുകൾ, ശിക്ഷ നടപ്പാക്കാനുള്ള കല്ലുകളല്ല എടുത്തത്, പകരം അവളുടെ പാപമോചനത്തെ സംബന്ധിച്ചുള്ള അറിവാണ് പകർന്നു നൽകിയത്. അതിലൂടെ പാപികളെ രക്ഷിക്കുന്ന, ദൈവപുത്രനായ ക്രിസ്തുവിന്റെ ഈ ഭൂമിയിലേക്കുള്ള വരവിന്റെ ഉദ്ദേശ്യമാണ് പൂർത്തീകരിക്കപ്പെട്ടത്. ന്യായപ്രമാണത്തിന്റെ കല്പനകളെ തന്റെ വിരലുകൾകൊ് കല്പലകകളിൽ എഴുതിയവൻ, ദൈവാലയത്തിന്റെ നിർമ്മിതിയിൽ അതിന്റെ പ്ലാൻ വരച്ചവൻ, ന്യായവിധിയെക്കുറിച്ചും പാപമോചനത്തെക്കുറിച്ചും കൈവിരലുകളാൽ എഴുതികാണിച്ച് ന്യായവിധി നടപ്പിലാക്കിയ ഒറു ദൈവത്തിൽ നിന്നും ആഗ്രഹിക്കുന്നത് ഒന്നുമാത്രമാണ് മാനസാന്തരം. അങ്ങനെ നാം മാനസാന്തരപ്പെട്ട് നമ്മുടെ പാപങ്ങളെ ഏറ്റുപറഞ്ഞ്, അവനിൽ നമ്മെത്തന്നെ സമർപ്പിക്കുമ്പോൾ, നമ്മുടെ പേരുകളും ജീവപുസ്തകത്തിൽ അവന്റെ കൈവിരൽകൊു തന്നെ എഴുതും എന്ന കാര്യത്തിൽ യാതൊരു സംശയവും ഇല്ല.

ദൈവം നിങ്ങളെ ഓരോരുത്തരേയും സമൃദ്ധിയായി അനുഗ്രഹിക്കു മാറാകട്ടെ; ആമേൻ.


## ONLINE BANKING (NEFT)

**Name : M G E PUSHPARAJ**

**STATE BANK OF INDIA** (SRIRANGAPALAYAM BRANCH)

IFSC CODE - IFSC SBIN0001970 -10764116842 **A/C No: 10764116842**

SWIFT CODE - SBININBB300 **A/C No: 10764116842**

**CANARA BANK - SALEM** (SURAMANGALAM BRANCH)

IFSC CODE - IFSC CNRB0001219- 1219101013622. **A/C No: 1219101013622.**

SWIFT CODE - CNRB0001219 -1219101013622. **A/C No: 1219101013622.**

# മറ്റു ചെറുപടകുകൾ

“മറ്റു ചെറുപടകുകളും കൂടെ ഉായിരുന്നു (മർക്കൊ. 4:36). വലിയ ചുഴലിക്കാറ്റ് ഉായപ്പോൾ ഈ ചെറുപടക്കുകൾക്ക് എന്തുസംഭവിച്ചു. മർക്കൊസിന്റെ സുവിശേഷത്തിൽ ചുഴലിക്കാറുവന്നപ്പോൾ ചെറുപടകുകളുടെ കാര്യം പറയുന്നില്ല. അവനോടുകൂടെ എന്ന വാക്ക് അവിടെ ഉപയോഗിക്കുന്നു. അതുകൊ് അവർ ഒരു ഗ്രൂപ്പായി യാത്ര ചെയ്തു എന്നു നമുക്കു മനസ്സിലാക്കുവാൻ സാധിക്കുന്നു. ഇപ്പോൾ നമുക്കു ഒരു ചോദ്യം വരുന്നു. ആ ചെറുപടകുകളിൽ ഉായിരുന്നവർ ആരായിരുന്നു? തീർച്ചയായും ഈ കൂട്ടത്തിൽ ഉള്ളവർ അതിൽ ഉാകുവാൻ സാധ്യതയില്ല. ആ ചെറിയ കൂട്ടത്തെ യേശുക്രിസ്തു തന്നെ അയച്ചു (മർക്കൊ. 4:36).

യേശുവും ശിഷ്യന്മാരും പടകിൽ കയറുന്നതിനുമുമ്പ് കടല്ക്കരയിൽ നടന്നു. വഴിയിൽ മൂന്നുപേർ അവനെ സന്ദർശിച്ചു. അവർ മൂന്നുപേരും യേശുവിനോടൊപ്പം ശുശ്രൂഷയിൽ പങ്കാളികളാകുവാനുള്ള ആഗ്രഹത്തെ അറിയിച്ചു (മത്താ. 8:16–18). ഈ മൂന്നുപേരെക്കുറിച്ചും നമുക്കു ചിന്തിക്കാം.

ഒരു ശാസ്ത്രി യേശുവിന്റെ അടുക്കൽ വന്നു: ഗുരോ, നീ എവിടെ പോയാലും ഞാൻ നിന്നെ അനുഗമിക്കാം എന്നു പറഞ്ഞു (മത്താ. 8:19). ഈ ശാസ്ത്രി യേശുക്രിസ്തുവിനെ ഗുരോ എന്നു അഭിസംബോധന ചെയ്തു. മറ്റു ശാസ്ത്രിമാരെല്ലാം, യേശുക്രിസ്തുവിന്റെ ഉപദേശത്തെ കേട്ട് യേശുവിനെ ഉപദ്രവിക്കുവാനും കൊല്ലുവാനും ശ്രമിച്ചു. എന്നാൽ ഈ ശാസ്ത്രി, മറ്റുള്ളവരെക്കാൾ യേശുവിനെ തന്റെ നേതാവായി സ്വീകരിച്ചു. യേശുക്രിസ്തു തന്നോടു ചേർക്കുവാൻ അവനെ ക്ഷണിച്ചിട്ടില്ല. പക്ഷേ,

ഇവനോ തന്റെ ആഗ്രഹം കൊ് യേശു എവിടെ പോയാലും ഞാൻ അനുഗമിക്കും  എന്നു പറഞ്ഞു (മത്താ. 8:18–19). അടുത്ത വചനത്തിൽ മറ്റൊരു ശിഷ്യൻ എന്നു പറയുന്നതുകൊ്, നേരത്തെ ഇവനും യേശുക്രിസ്തുവിന്റെ ശിഷ്യൻ ആയിരുന്നു എന്നു നമുക്ക് ഊഹിക്കാം. എന്നാൽ യേശു അവനെ സ്വീകരിച്ചിട്ടില്ല. യേശു അവനോടു : കുറുനരികൾക്കു കുഴികളും ആകാശത്തിലെ പറവകൾക്കു കൂടുകളും ഉ്; മനുഷ്യപുത്രനോ തലചായിപ്പാൻ ഇടം ഇല്ല എന്നു പറഞ്ഞു (മത്താ. 8:20).

രാമത്തെ വ്യക്തി യേശുവിനോടു : കർത്താവേ ഞാൻ പോയി എന്റെ അപ്പനെ അടക്കം ചെയ്തിട്ടുവരാം എന്നു പറഞ്ഞു. ഇവിടെ അപ്പൻ മരിച്ചിട്ടില്ല. പക്ഷേ, അപ്പൻ മരിച്ചശേഷം യേശുവിനെ അനുഗമിക്കാം എന്നാണ് ഇതിന്റെ അർത്ഥം. പക്ഷേ യേശുവിന്റെ മറുപടി : മരിച്ചവർ തങ്ങളുടെ മരിച്ചവരെ അടക്കം ചെയ്യട്ടെ, നീ എന്റെ പിന്നാലെ വരിക എന്നു പറഞ്ഞു (മത്താ. 8:21,22). യേശുവിനെ പിൻഗമിക്കുന്നത് പിന്നീട് ആകാം എന്നു അവൻ ചിന്തിച്ചു. പിന്നീട് എന്നു അവൻ പറയുന്നതിന് ഒരു കാരണമു്. പക്ഷേ യേശുവോ അത് മറ്റുള്ളവർ നോക്കിക്കൊള്ളും എന്നു പറഞ്ഞു.

മൂന്നാമത്ത വ്യക്തി, ഗുരോ ഞാൻ നിന്നെ അനുഗമിക്കാം. പക്ഷേ, അതിനുമുമ്പ് എനിക്ക് വീട്ടിൽ പോയി അവരുടെ അനുമതി വാങ്ങണം എന്നു പറഞ്ഞു (ലൂക്കോ. 9:61,62). ഇവിടെ യേശുക്രിസ്തു അവനെ വിളിച്ചിട്ടില്ല. എന്നാൽ തന്റെ ആഗ്രഹത്തിന് കുടുംബത്തെ വിട്ടു യേശുവിനെ പിൻഗമിക്കുവാൻ സമർപ്പിച്ചവനാണ്. കുടുംബത്തെ വിട്ട് ദൈവവേലയ്ക്ക് വരുവാൻ ആഗ്രഹിച്ച ഇവൻ വിവാഹം കഴിക്കാത്ത യുവാവാണ് എന്നു തോന്നുന്നു. യേശു കലപ്പയിൽ കൈവെച്ചശേഷം തിരിഞ്ഞുനോക്കുവാൻ പാടില്ല, തിരിഞ്ഞു നോക്കുന്നവൻ ആരും ദൈവരാജ്യത്തിന് യോഗ്യത ഇല്ലാത്തവൻ എന്നു യേശു പറഞ്ഞു (ലൂക്കോ. 9:61,62).

യേശുക്രിസ്തുവിന്റെ ഈ ഉപദേശങ്ങളെ കേട്ട് അവർ ഉണർവ്വുള്ളവരായും യേശുക്രിസ്തുവിനെ പിൻഗമിക്കുവാൻ തീരുമാനിക്കുകയും ചെയ്തിരിക്കാം. ഇവർ നേരത്തെ തന്നെ യേശുവിനെ പിൻഗമിച്ചവരായിരുന്നു. യേശുവിന്റെ പടകിൽ കയറുവാൻ ശ്രമിച്ചപ്പോൾ ഇവർ തമ്മിൽ സംസാരിച്ചിരിക്കാം. യേശു ഉള്ള പടകിൽ ആര് കയറും? പ്രധാന ശിഷ്യന്മാർ ഇവരുടെ തർക്കത്തെ തീർത്തിരിക്കും. പടക് നിയന്ത്രിക്കാൻ വിദഗ്ദരാണ് യേശുക്രിസ്തുവിന്റെ ശിഷ്യന്മാരായ പത്രൊസും, യാക്കോബും, യോഹന്നാനും. ഇവർ യേശു കയറിയ പടകിനെ നിയന്ത്രിക്കുന്നതിനു ചുമതല ഏറ്റവരാണ്. യേശു കയറിയ പടകിൽ കയറാതെ തർക്കിച്ച മൂന്നുപേരും ചെറുപടകുകളിൽ കയറി യാത്ര ചെയ്തിരിക്കാം എന്ന് ഊഹിക്കാം. പെട്ടെന്നുായ ചുഴലിക്കാറ്റിൽ ചെറുപടകുകൾ മറിഞ്ഞുപോയി. യേശുക്രിസ്തു ഇരുന്ന പടകിൽ ഉള്ളവരെപ്പോലെ മറ്റുള്ള പടകുകളിൽ ഇരുന്നവരും നിലവിളിച്ചിരിക്കും. എന്നാൽ ഈ നിലവിളികൾ യേശു കേൾക്കുമോ, ചുഴലിക്കാറ്റിന്റെ ശക്തിയിൽ തങ്ങളുടെ നിലവിളികൾ മുങ്ങിപ്പോകും എന്ന് ഇവർക്ക് അറിയാം. ക്രിസ്തു ഉള്ള പടകിൽ ഇരുന്നെങ്കിൽ നാം തകർന്നുപോകയില്ലായെന്ന് എല്ലാവരും ചിന്തിച്ചിരിക്കും. എന്നാൽ യേശു തന്റെ പടകിനെ മാത്രം രക്ഷപ്പെടുത്താതെ തന്നെ അനുഗമിച്ച എല്ലാ പടകുകളെയും രക്ഷപ്പെടുത്തി. താൻ എഴുന്നേറ്റ് കാറ്റിനെ ശാസിച്ചു കൊ് എല്ലാ പടകുകളെയും രക്ഷപ്പെടുത്തി. നാം ഏത് പ്രതികൂല അവസ്ഥയിൽ ആയിരുന്നാലും, ക്രിസ്തുവിനെ സ്വന്ത രക്ഷിതാവായി സ്വീകരിച്ചിട്ടുങ്കിൽ അവൻ ഇമ്മാനുവേലായി എപ്പോഴും നമ്മോടു കൂടെ ഉായിരിക്കും. യേശു പടകിന്റെ അമരത്തു തലയണവെച്ച് ഉറങ്ങുകയായിരുന്നു (മർക്കൊസ് 4:38) എന്ന് ശിഷ്യന്മാർ ചെറുപടകിൽ വന്നവരോട് പറഞ്ഞിരിക്കാം. തല ചായ്ക്കാൻ ഇടമില്ല എന്നു മറുപടി ലഭിച്ച വ്യക്തി താൻ യേശുവിനെ പിൻഗമിച്ചാൽ തന്റെ ജീവിതവും ഇതുപോലെ ആയിരിക്കും എന്നു ചിന്തിച്ചിരിക്കും. നാം ആഡംബരത്തോടെ മാത്രമല്ല, ഏതു സാഹചര്യത്തിലും ജീവിക്കുവാൻ ശ്രമിക്കണം. യേശുക്രിസ്തു

ഉപദേശം കൊു മാത്രമല്ല, ഏതു പ്രതികൂല സാഹചര്യത്തിലും ജീവിക്കാമെന്ന് തന്റെ ശിഷ്യന്മാർക്ക് തന്റെ ജീവിതത്തിലൂടെ കാണിച്ചുകൊടുത്തു.

തന്റെ അപ്പന്റെ മരണത്തിനുശേഷം യേശുവിനെ പിൻഗമിക്കാമെന്നു പറഞ്ഞ രാമത്തെ ആളും ഉണർത്തപ്പെട്ടിരിക്കും. കുടുംബത്തിന്റെ മൂത്തമകനായ യേശുക്രിസ്തു കുടുംബത്തിന്റെ ഉത്തരവാദിത്വങ്ങളെ തന്റെ സഹോദരന്മാരെ ഏൽപിച്ചു ഒന്നിലും ശങ്കിക്കാതെ ദൈവീകശുശ്രൂഷയിൽ കാലെടുത്തുവെച്ചത് എല്ലാവരും കതാണ്. കുടുംബത്തിന്റെ നാഥനായിരുന്നിട്ടും തന്റെ ജീവനെ പണയം വെച്ച് ആപത്ക്കരമായ വഴിയിലൂടെ യാത്ര ചെയ്തു.

യേശുക്രിസ്തുവിനെ അനുഗമിക്കുന്നതിനുമുമ്പ് കുടുംബത്തോട് യാത്ര ചോദിക്കുവാൻ ആഗ്രഹിച്ച മൂന്നാമത്തെ വ്യക്തി യേശു ക്രിസ്തുവിന്റെ ശിഷ്യന്മാർ, യേശുക്രിസ്തു ഭവനത്തെ വിട്ട് എങ്ങനെ വന്നുവോ അതുപോലെ കൂട്ടിക്കൊുവരുന്നത് ക് അവൻ ഞെട്ടിപ്പോയിരിക്കും (മർക്കൊ. 4:36). യാത്രയ്ക്കുള്ള തയ്യാറെടുപ്പില്ല, വിട പറയുവാനുള്ള അവസരമില്ല, സമയം നഷ്ടമാക്കാതെ ദൈവരാജ്യത്തെക്കുറിച്ചു സുവിശേഷിക്കുവാനുള്ള യേശുവിന്റെ വെമ്പൽ അവൻ മനസ്സിലാക്കിയിരിക്കും. കലപ്പയ്ക്കു കൈവച്ചശേഷം പിറകിലോട്ടു നോക്കുന്ന ചിന്തയെ അവൻ കൈവിട്ടിരിക്കും. പക്ഷേ, വിട പറയുവാൻ താൻ വീട്ടിലേയ്ക്കു പോയിരുന്നുവെങ്കിൽ എത്ര അത്ഭുതങ്ങളെ താൻ നഷ്ടപ്പെടുത്തിയിരിക്കും എന്നു ചിന്തിച്ച് എത്രയധികം സന്തോഷിച്ചിരിക്കും.

ഇങ്ങനെ മുകളിൽ പറഞ്ഞ 3 പേരും പാഠങ്ങൾ പഠിച്ചു. നമ്മുടെ നാഥൻ പോകുക എന്നു പറയുന്നവൻ മാത്രമല്ല, എന്റെ പിന്നാലെ വരിക, ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും (മത്താ. 4:19) എന്നു പറഞ്ഞവനെ നാം ധൈര്യമായിട്ടും പിൻഗമിക്കണം.

# മനുഷ്യന്റെ ചോദ്യം..... ദൈവത്തിന്റെ മറുപടി

മനുഷ്യൻ : എന്നെ സ്നേഹിക്കുവാൻ ആരുമില്ല.

ദൈവം : നിത്യസ്നേഹം കൊു ഞാൻ നിന്നെ സ്നേഹിച്ചിരിക്കുന്നു (യിരെമ്യാവു 31:3).

മനുഷ്യൻ : എനിക്ക് എപ്പോഴും ഭയം ഉാകുന്നു.

ദൈവം : ഭീരുത്വത്തിന്റെ ആത്മാവിനെ അല്ല ദൈവം നമുക്കു തന്നത് (1 തിമൊ. 1:7).

മനുഷ്യൻ : എന്തുചെയ്യണമെന്ന് എനിക്ക് അറിയുന്നില്ല.

ദൈവം : എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിനും മതിയാകുന്നു (ഫിലി. 4:13).

മനുഷ്യൻ : ആകുലചിന്തകളാൽ ഞാൻ തളർന്നുപോയി. ഞാൻ എന്തു ചെയ്യണം?

ദൈവം : അവൻ നിങ്ങൾക്കായി കരുതുന്നതാകയാൽ നിങ്ങളുടെ സകല ചിന്താകുലവും അവന്റെമേൽ ഇട്ടുകൊൾവിൻ (1 പത്രൊ. 5:7).

മനുഷ്യൻ : എന്നെ ഈ ലോത്തിൽ സഹായിക്കുവാൻ ആരു്?

ദൈവം : കഷ്ടകാലത്തു എന്നെ വിളിച്ചപേക്ഷിക്ക; ഞാൻ നിന്നെ വിടുവിക്കയും നീ നനെ മഹത്വപ്പെടുത്തുകയും ചെയ്യും (സങ്കീ. 50:15).

മനുഷ്യൻ : ഇത് എന്നെക്കൊ് സാധിക്കുകയില്ല.

ദൈവം : മനുഷ്യരാൽ അസാദ്ധ്യമായതു ദൈവത്താൽ സാദ്ധ്യമാകുന്നു (ലൂക്കോ. 18:27).

മനുഷ്യൻ : ഞാൻ തളർന്നുപോയിരിക്കുന്നു.

ദൈവം : അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരേ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും എന്ന് യേശു പറഞ്ഞു (മത്താ. 11:28).

മനുഷ്യൻ : എന്നെക്കൊണ്ട് മുന്നേറുവാൻ സാധിക്കുന്നില്ല.

ദൈവം : എന്റെ കൃപ നിനക്കു മതി എന്നു യേശു പറഞ്ഞു (2 കൊറി. 12:9).

മനുഷ്യൻ : എന്റെ ആഗ്രഹങ്ങളെ പൂർത്തീകരിക്കുവാൻ എനിക്കു കഴിയുന്നില്ല.

ദൈവം : എന്റെ ദൈവമോ നിങ്ങളുടെ ബുദ്ധിമുട്ടു ഒക്കെയും മഹത്വത്തോടെ തന്റെ ധനത്തിനൊത്തവണ്ണം ക്രിസ്തു യേശുവിൽ പൂർണ്ണമായി തീർത്തുതരും (ഫിലി. 4:19).

മനുഷ്യൻ : ഞാൻ ഒരു അനാഥനെപ്പോലെ ജീവിക്കുന്നു.

ദൈവം : എന്റെ അപ്പനും അമ്മയും എന്നെ ഉപേക്ഷിച്ചിരിക്കുന്നു; എങ്കിലും യഹോവ എന്നെ ചേർത്തുകൊള്ളും (സങ്കീ. 27:10).

മനുഷ്യൻ : ഞാൻ ബുദ്ധിഹീനൻ എന്നു മറ്റുള്ളവർ എന്നെ പരിഹസിക്കുന്നു.

ദൈവം : ആർക്കും ലഭിക്കാത്ത ധനവും സമ്പത്തും മാനവും ഞാൻ നിനക്കു തരും എന്നു കർത്താവ് അരുളിചെയ്യുന്നു (2 ദിന. 1:12).

മനുഷ്യൻ : ഞാൻ ഒരു പാപി. എനിക്കു പാപക്ഷമ ലഭിക്കുമോ?

ദൈവം : നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1 യോഹ. 1:9).

മനുഷ്യൻ : മരണഭയം എന്നെ അലട്ടുന്നു.

ദൈവം : ഞാൻ തന്നേ പുനരുത്ഥാനവും ജീവനും ആകുന്നു; എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും എന്നു യേശു പറഞ്ഞു (യോഹ. 11:25).

## ലോകരക്ഷകനായ യേശുക്രിസ്തുവിന്റെ ജനനം – മരണം – ഉയിർത്തെഴുന്നേല്പ് – ഇന്നും ജീവിക്കുന്നത്

മാനസാന്തരപ്പെട്ട് യേശുക്രിസ്തുവിനെ ദൈവമായി സ്വീകരിച്ചവർക്ക് മാത്രം ഓരോരോ ദിവസവും ഓരോരോ നിമിഷവും നമ്മുടെ മരണം വരെ ക്രിസ്തുജനനത്തിന്റെ സന്തോഷവും, ക്രിസ്തുവിന്റെ ഉയിർപ്പിനാൽ ഉാകുന്ന പ്രതീക്ഷയുടെ സന്തോഷവും അതോടൊപ്പം യേശുക്രിസ്തു എപ്പോഴും ജീവനോടെ ഇരിക്കുന്നതു കൊും, മരണഭയം ഇല്ലാത്ത സന്തോഷവും, ക്രിസ്തുവിന്റെ രാം വരവിനെ എതിരേല്ക്കുവാനുള്ള സന്തോഷവും, ഇവയെല്ലാം എപ്പോഴും അനുഭവിക്കുവാൻ സാധിക്കും. മാനസാന്തരം ഇല്ലാത്ത നാമധേയ ക്രിസ്ത്യാനികൾ ഏതു സഭയിൽ ആയിരുന്നാലും മേല്പറഞ്ഞ സന്തോഷങ്ങളെ അനുഭവിക്കുവാനുള്ള ഭാഗ്യം നഷ്ടമാകും.

ഇതു തന്നെയാണ് ജാമക്കാരന്റെ ക്രിസ്തുമസ് ആശംസകളായി അറിയിക്കുന്നത്.

**"കർത്താവിൽ എപ്പോഴും സന്തോഷിപ്പിൻ; സന്തോഷിപ്പിൻ എന്നു ഞാൻ പിന്നെയും പറയുന്നു"** (ഫിലിപ്പിയർ 4:4).

AUGUST -2024

# Printed Book (Periodical)

RNI Reg. No. TNBIL/2016/70171

**Annual Subscription:**
India - Rs.60/
Foreign - Rs.600/

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.